**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1183** **12-06-2024 - ൽ മറുപടിയ്ക്ക്**

**ചൂട്ടാട് മഞ്ച ഫിഷ് ലാൻഡിംഗ് സെന്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ചൂട്ടാട് മഞ്ച ഫിഷ് ലാൻഡിംഗ് സെന്റർ നിർമ്മിക്കുന്നതിനുള്ള 5.55 കോടി രൂപയുടെ പദ്ധതിക്ക് പ്രധാൻ മന്ത്രി മത്സ്യ സമ്പദ യോജന (പി.എം.എം.എസ്.വൈ.) പദ്ധതിയുടെ അംഗീകാരം ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ? | (എ) | കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിലെ ചൂട്ടാട് മഞ്ച ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മാണത്തിനായുള്ള 5.55 കോടി രൂപയുടെ പദ്ധതി രൂപരേഖ കേന്ദ്ര ഫിഷറീസ് വകുപ്പ് മന്ത്രാലയത്തിന്റെയും നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ് (NFDB) യുടെയും അംഗീകാരത്തിനായി 22/03/2023 ന് ബി1/40/2023-മ.ഉ.വ നമ്പർ കത്ത് പ്രകാരം സമർപ്പിച്ചിട്ടുണ്ട്. തുടർന്ന് പ്രസ്തുത പദ്ധതി രൂപരേഖയിന്മേൽ കേന്ദ്ര സർക്കാരിൽ നിന്നും അധിക വിവരങ്ങൾ ആവശ്യപ്പെടുകയും ആയത് 25/01/2024 ൽ നൽകുകയും ചെയ്തിട്ടുണ്ട്. അതിനുശേഷം കേന്ദ്ര സർക്കാർ സ്ഥാപനമായ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോസ്റ്റൽ എഞ്ചിനീയറിംഗ് ഫോർ ഫിഷറി (CICEF) ൽ നിന്നും 15/02/2024 ന് വീണ്ടും അധിക വിവരങ്ങൾ ആവശ്യപ്പെടുകയും ആയത് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തയ്യാറാക്കി വരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ